# വ്യവസായ കേരളം

വ്യവസായ വികസനത്തിനൊരു അടയാളം

Department of Industries & Commerce Government of Keralam

OFFICIAL NEWSLETTER OF DIRECTORATE OF INDUSTRIES & COMMERCE GOVERNMENT OF KERALAM

ISSUE: 102

01 OCTOBER 2026

industry.kerala.gov.in


## ആശയങ്ങളും അവസരങ്ങളും ഒന്നിച്ച

# യുവസംരംഭകരുടെ മഹാസംഗമം














യുവ സംരംഭകർക്ക് തങ്ങളുടെ ആശയങ്ങൾ പ്രായോഗികമാക്കാനും പ്രമുഖ വ്യവസായികളുമായും നിക്ഷേപകരുമായും സംവദിക്കാനും ഒരു വേദി എന്ന ലക്ഷ്യത്തോടെ റാംപ് പദ്ധതിയുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പ് 2026 സെപ്റ്റംബർ 26ന് കോഴിക്കോട് വെച്ച് യംഗ് എന്റർപ്രണേഴ്സ് കോൺക്ലേവ് 2026 സംഘടിപ്പിച്ചു. ബഹു. വ്യവസായ, വാണിജ്യ, ഐ.ടി, എ.ഐ വകുപ്പ് മന്ത്രി ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി കോൺക്ലേവ് ഉദ്ഘാടനം ചെയ്തു.

ഡിജിറ്റൽ, എ.ഐ ടൂളുകൾ സംരംഭങ്ങളിൽ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച സാങ്കേതിക സെഷനുകൾ, ബിസിനസ് മേഖലയിൽ വിജയം നേടിയ വിദഗ്ധരുമായുള്ള ആശയവിനിമയം, യുവ സംരംഭകരുടെ അനുഭവങ്ങൾ തുടങ്ങി വിവിധ സെഷനുകൾ കോൺക്ലേവിൽ ഉൾപ്പെടുത്തിയിരുന്നു. സാങ്കേതിക സ്ഥാപനങ്ങൾ, ബാങ്കുകൾ, പ്രമുഖ സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ പങ്കെടുത്ത കോൺക്ലേവിൽ 2000 ലധികം സംരംഭകരും ഭാഗമായി. വിവിധ സ്റ്റാർട്ടപ്പുകളുടെയും പദ്ധതികളുടെയും ഉൽപ്പന്നങ്ങളുടെയും പ്രദർശനവുമായി 43 സ്റ്റാളുകളും കോൺക്ലേവിൽ ഒരുക്കിയിരുന്നു.

വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ.പി.എം.മുഹമ്മദ് ഹനീഷ് ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തി. കോഴിക്കോട് നോർത്ത് നിയോജക മണ്ഡലം എം.എൽ.എ. അഡ്വ. കെ. ജയന്ത്, ശ്രീ സന്തോഷ് കോശി തോമസ് (മാനേജിങ് ഡയറക്ടർ, കിൻഫ്ര), ശ്രീമതി. സഫൂറ (അസിസ്റ്റന്റ് ഡയറക്ടർ, എം.എസ്.എം.ഇ. ഡി.എഫ്.ഒ. തൃശൂർ), ശ്രീമതി. വിജയലക്ഷ്മി (ജനറൽ മാനേജർ, കാനറ ബാങ്ക്), ശ്രീ. അബ്ദുറഹ്മാൻ (ജില്ലാ പ്രസിഡന്റ്, കെ.എസ്.എസ്.ഐ.എ., കോഴിക്കോട്), ശ്രീ. സന്തോഷ് കുമാർ

KERALAM YOUNG ENTREPRENEURS CONCLAVE 2026

**September 26, 2026**

Calicut Trade Centre,
Eranhippalam, Kozhikode

(വൈസ് ചെയർമാൻ, ഫിക്കി കേരളം), ശ്രീ. രാജീവ് ജി. (അഡീഷണൽ ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്), ശ്രീ. രഞ്ജിത്ത് ബാബു (ജനറൽ മാനേജർ, ഡി.ഐ.സി. കോഴിക്കോട്) എന്നിവർ സംസാരിച്ചു.

'യുവ സംരംഭകർ, വലിയ സ്വപ്നങ്ങൾ: അടുത്ത ബിസിനസ്സ് വിപ്ലവത്തിനും സുസ്ഥിരതയ്ക്കും കേരളത്തിന്റെ തയ്യാറെടുപ്പ്' എന്ന വിഷയത്തിൽ ബഹു. തിരൂരങ്ങാടി എം.എൽ.എയും ബിസിനസ് മെന്ററുമായ ശ്രീ. പി.എം.എ. സമീർ, അവന്ത്ര മെഡ്ടെക് പ്രൈവറ്റ് ലിമിറ്റഡിന്റെ ചെയർമാനും എം.ഡിയുമായ അസ്സൈൻ മച്ചുങ്കൽ, ഓറെൻകോർ സി.ഇ.ഒ. സംജാദ് മൂപ്പൻ, ഏഷ്യൻ സർജിക്കൽ മാനേജിങ് പാർട്ണർ ആയിഷ ഗുൽഷൻ ഹാര രവിൻ കൃഷി സ്ഥാപകൻ ശ്രീഹരി വി. എന്നിവർ യുവസംരംഭകരുമായി സംവദിച്ചു.

ഇളനാട് മിൽക്ക് സ്ഥാപകൻ സജീഷ് കുമാർ, ജീവ പ്രോമാക്സ് സി.ഇ.ഒ. സുമൻ പി., റൂബി വെസ്ചർ എക്സ്പോർട്ട്സ് സിഇഒ ആയിഷ റൂബി, കുമ്പളാട് മിൽക്ക് സ്ഥാപകൻ അനൂപ് കൃഷ്ണൻ, വെറൈറ്റി അലൂമിനിയം ഫാബ്രിക്കേഷൻ & ഡിസൈനർ സി.ഇ.ഒ. അജിത് കുമാർ എ. എന്നിവർ തങ്ങളുടെ സംരംഭക യാത്രയുടെ വിജയകഥ പങ്കുവെച്ചു.

വിപണി വിപുലീകരണം, കയറ്റുമതി അവസരങ്ങൾ, എം.എസ്.എം.ഇകൾക്ക് എ.ഐ & ഡിജിറ്റൽ പരിവർത്തനം, എൻ.എസ്.ഇ എമർജിലൂടെ മൂലധന വിപണിയിലെ വളർച്ച, ബിസിനസ് ഗുണനിലവാരത്തിൽ ബി.ഐ.എസിന്റെ പങ്ക് എന്നീ വിഷയങ്ങളിലെ സാങ്കേതിക സെഷനുകൾ കോൺക്ലേവിന്റെ പ്രധാന ആകർഷണമായിരുന്നു.

വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റും കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷനും (കെബിപ്പ്) സംയുക്തമായാണ് കേരളം യംഗ് എന്റർപ്രണേഴ്സ് കോൺക്ലേവ് 2026 സംഘടിപ്പിച്ചത്.




സംരംഭങ്ങൾ തുടങ്ങാൻ അനുമതി ലഭിക്കാതെ ദീർഘകാലം മുടങ്ങിക്കിടക്കുന്ന അവസ്ഥ കേരളത്തിൽ ഇനി ഉണ്ടാകില്ല. അനുമതികൾ ഏകീകരിക്കാനും ലഘൂകരിക്കുവാനും ലക്ഷ്യമിടുന്ന 'വൺ സ്റ്റേറ്റ്, വൺ അപ്രൂവൽ, വൺ ഡോക്യുമെന്റ് - സരൾ കേരളം' പദ്ധതി ഉടൻ നടപ്പിലാക്കും. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി വ്യവസായ, വാണിജ്യ മേഖലയിൽ വലിയ നേട്ടം ഉണ്ടാക്കാൻ കേരളത്തിന് കഴിയുമെന്നതിന് തെളിവാണ് കേരളത്തിലെ യുവസംരംഭകർ. ലോകത്തോടൊപ്പം നമുക്കും ചെയ്യാൻ സാധിക്കും എന്ന് ശുഭാപ്തിവിശ്വാസമുള്ളവരാണ് കേരളത്തിലെ ജൻസി. അവരെ കേരളത്തിന്റെ വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തണം.

**ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി**

ബഹു. വ്യവസായ, വാണിജ്യ, ഐ.ടി, എ.ഐ വകുപ്പ് മന്ത്രി



## INDEXPLUS 2026 എക്സിബിഷനിൽ മുള കൊണ്ട് വിസ്മയം തീർത്ത് കേരള ബാംബൂ മിഷൻ

ഫർണിച്ചർ, ഇന്റീരിയർ വ്യവസായ രംഗത്തെ പ്രമുഖ വ്യാപാരമേള INDEXPLUS 2026-ൽ വ്യത്യസ്തമായ മുള ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ച് കേരളത്തിലെ മുള കരകൗശല പ്രവർത്തകർ. കേരള സംസ്ഥാന ബാംബൂ മിഷന്റെ നേതൃത്വത്തിൽ കേരളത്തിൽ നിന്നുള്ള മൂന്ന് കരകൗശല പ്രവർത്തകർ പ്രദർശനത്തിന്റെ ഭാഗമായി. മുംബൈയിലെ ബോംബെ എക്സിബിഷൻ സെന്ററിൽ സെപ്തംബർ 18 മുതൽ 20 വരെയായിരുന്നു പ്രദർശനം.നിരവധി മുള കരകൗശല, ഗൃഹാലങ്കാര, ഫർണിച്ചർ ഉൽപ്പന്നങ്ങളാണ് സ്റ്റാളിൽ കേരളം ഒരുക്കിയത്. ഫർണിച്ചർ, ഇന്റീരിയർ രംഗത്ത് ദേശീയ വിപണിയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും രാജ്യത്തെ വിവിധയിടങ്ങളിൽ നിന്നുള്ള ഉപയോക്താക്കൾ, ഡിസൈനർമാർ, വ്യാപാരികൾ, വ്യവസായ പ്രതിനിധികൾ എന്നിവരുമായി നേരിട്ട് ബന്ധപ്പെടുന്നതിന് കേരളത്തിലെ കരകൗശലക്കാർക്ക് അവസരം ലഭിച്ചു.

## 'PMFME ഫുഡ്ടെക് കേരളം 2026' ഒക്ടോബർ 9 മുതൽ 11 വരെ

'പി.എം.എഫ്.എം.ഇ. ഫുഡ്ടെക് കേരളം 2026' ഒക്ടോബർ 9 മുതൽ 11 വരെ കേരളത്തിലെ പി.എം.എഫ്.എം.ഇ. ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) ഒരുക്കുന്ന 'പി.എം.എഫ്.എം.ഇ. ഫുഡ്ടെക് കേരളം 2026' ഒക്ടോബർ 9 മുതൽ 11വരെ കൊച്ചി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം ഗ്രൗണ്ടിൽ വെച്ച് നടക്കും. ഒക്ടോബർ 9ന് രാവിലെ 10.30ന് ബഹു. വ്യവസായ, വാണിജ്യ, ഐ.ടി, എ.ഐ വകുപ്പ് മന്ത്രി ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി എക്സ്പോ ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തുടനീളമുള്ള പി.എം.എഫ്.എം.ഇ. ഗുണഭോക്താക്കൾ ഉൽപ്പാദിപ്പിക്കുന്ന വിവിധതരം ഭക്ഷ്യോൽപ്പന്നങ്ങൾക്ക് വിപണന സഹായം നൽകുന്നതിനും പദ്ധതിയെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുമാണ് എക്സ്പോ സംഘടിപ്പിക്കുന്നത്. ഭക്ഷ്യസംസ്കരണ ഉപകരണങ്ങൾ, ആധുനിക പാക്കിംഗ് സാങ്കേതികവിദ്യകൾ, കോൾഡ് സ്റ്റോറേജ്, ഡയറി-മിൽക്ക് പ്രൊസസിംഗ്, അഗ്രോ-സ്റ്റാർട്ടപ്പുകൾ, ഗ്രെയിൻ പ്രൊസസിംഗ് മെഷിനറികൾ, ക്വാളിറ്റി കൺട്രോൾ സംവിധാനങ്ങൾ എന്നിവ പ്രദർശനത്തിലുണ്ടാകും. ഭക്ഷ്യസംസ്കരണ-പാക്കിംഗ് മേഖലയിലെ പുതിയ മാറ്റങ്ങളും സാങ്കേതിക വിദ്യകളും മനസ്സിലാക്കാനും ബിസിനസ്സ് ബന്ധങ്ങൾ വിപുലീകരിക്കാനും ആഗ്രഹിക്കുന്ന വ്യവസായികൾ, സംരംഭകർ, നിക്ഷേപകർ, പൊതുജനങ്ങൾ എന്നിവർക്ക് മികച്ച അവസരമായിരിക്കും ഫുഡ്ടെക് കേരളം 2026.

# നിക്ഷേപങ്ങൾക്ക് അനുമതി വേഗത്തിലാക്കാൻ 'സരൾ കേരളം' പദ്ധതി




കേരളത്തിലേക്ക് പുതിയ നിക്ഷേപങ്ങളും ബിസിനസ്സുകളും കൂടുതൽ എളുപ്പത്തിൽ ആകർഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള 'സരൾ കേരളം' (SARAL KERALAM - Simplified and Accelerated Regulatory Approvals and Licenses) പദ്ധതിക്ക് മന്ത്രിസഭാ അംഗീകാരം. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ ലൈസൻസുകളും അനുമതികളും നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 'One-State-One-Approval-One-Document' (OSAD) എന്ന ആശയം മുൻനിർത്തി, എല്ലാ അനുമതികളും ഒരൊറ്റ കേന്ദ്രത്തിലൂടെ നൽകാനായി ഒരു ഏകീകൃത അതോറിറ്റിക്ക് (Single Statutory Authority) രൂപം നൽകും. ഇതിനായി നിലവിലുള്ള 19 നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്താനും മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്.

പുതിയ സംവിധാനം അനുസരിച്ച് 25 കോടി മുതൽ 50 കോടി രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് ജില്ലാതല ബോഡിയും, 50 കോടി രൂപയ്ക്ക് മുകളിലുള്ള വലിയ നിക്ഷേപങ്ങൾക്ക് സംസ്ഥാനതല ബോഡിയുമാണ് അനുമതി നൽകുന്നത്. കേരള വ്യാവസായിക വികസന കോർപ്പറേഷനാണ് (KSIDC) ഇതിന്റെ ഏകോപന ചുമതല. പദ്ധതി വഴി വകുപ്പുകളുടെ അധികാരം കവർന്നെടുക്കുന്നില്ല; മറിച്ച്, ഒരു പ്രൊപ്പോസൽ വന്നാൽ ഓരോ വകുപ്പും നിശ്ചിത ദിവസങ്ങൾക്കകം പരിശോധന പൂർത്തിയാക്കി മറുപടി നൽകണമെന്ന് നിർബന്ധമാക്കുകയാണ് ചെയ്യുന്നത്. വകുപ്പുകളുടെ പരിശോധനയ്ക്ക് ശേഷം അപ്രൈസൽ ബോഡി വിലയിരുത്തി സമിതിയുടെ മുൻപാകെ വെച്ച് വേഗത്തിൽ അന്തിമ അനുമതി നൽകും. ഏതെങ്കിലും വകുപ്പിന് വിയോജിപ്പുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള അപ്പീൽ സംവിധാനവും ഇതിലുണ്ട്.

വർഷങ്ങളോളം അനുമതി ലഭിക്കാതെ കിടക്കുന്ന ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസലുകൾക്ക് ഈ പദ്ധതി വലിയൊരു ആശ്വാസമാകും. വ്യവസായ സംരംഭകർക്ക് തടസ്സങ്ങളോ കാലതാമസമോ ഇല്ലാതെ കാര്യങ്ങൾ എളുപ്പത്തിലാക്കുന്നതിലൂടെ കേരളത്തിന്റെ വികസന സാധ്യതകൾക്ക് പുതിയൊരു വാതിലാണ് 'സരൾ കേരളം' തുറന്നിടുന്നത്.




Designed & Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Keralam, VIkas Bhavan, Thiruvananthapuram